GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**January 16th 2012**

## അഞ്ച് വാർഡുകളിൽ 18 ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ അഞ്ച് തദ്ദേശസ്വയംഭരണ വാർഡുകളിൽ ജനുവരി 18-ന് ഉപതിരഞ്ഞെടുപ്പ് നടക്കും.

**കൊല്ലം**: എഴുകോൺ ഗ്രാമപഞ്ചായത്തിലെ കൊച്ചാഞ്ഞിലിമൂട്, **എറണാകുളം**: എളങ്കുന്നപ്പുഴയിലെ കടപ്പുറം, **മലപ്പുറം**: വെട്ടത്തെ വാക്കാട് ഈസ്റ്റ്, **കോഴിക്കോട്** : കോർപ്പറേഷനിലെ എലത്തൂർ, **കണ്ണൂർ**: ചെറുപുഴയിലെ ചെറുപുഴ എന്നിവയാണ് വാർഡുകൾ. വോട്ടെണ്ണൽ ജനുവരി 19-ന് നടക്കും.

*(എസ്.ഇ.സി.8/2012)*

## പഞ്ചായത്ത് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

കൊല്ലം ജില്ലയിൽ ഇളമ്പള്ളൂർ, എറണാകുളം പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തുകളിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ജനുവരി 18-ന് തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി.7/2012)*

## വോട്ടർപട്ടിക പുതുക്കും

ഉപതിരഞ്ഞെടുപ്പിനായി ഇടുക്കി ഇടവെട്ടി ഗ്രാമപഞ്ചായത്തിലെ ഇടവെട്ടിച്ചിറ, എറണാകുളം ഏലൂർ നഗരസഭയിലെ മഞ്ഞുമ്മൽ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി.

കരട് പട്ടിക ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലും, വില്ലേജ്-ബ്ലോക്ക്-താലൂക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. മഞ്ഞുമ്മലിൽ ജനുവരി 21 വരെയും ഇടവെട്ടിച്ചിറയിൽ 25 വരെയും ആക്ഷേപങ്ങളും അവകാശങ്ങളും നൽകാം.

*(എസ്.ഇ.സി.6/2012)*

GRAMS: KERELECOM
E-Mail: electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2338288, 2337884
FAX: 0471-2338288
0471-2334130

January 16th 2012

## ഉപതിരഞ്ഞെടുപ്പ് : പോളിംഗ് ദിവസം തന്നെ ഫലം പ്രഖ്യാപിക്കും

ത്രിതല പഞ്ചായത്ത് ഉപതിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രമുപ യോഗിച്ച് പോളിംഗ് ദിവസം തന്നെ ഫലം പ്രഖ്യാപിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. കെ. ശശിധരൻ നായർ അറിയിച്ചു.

മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ മാത്രമാണ് ഇപ്പോൾ വോട്ടിംഗ് യന്ത്രമുപയോഗിക്കുന്നത്. ത്രിതല പഞ്ചായത്തിൽ ഒരാൾക്ക് മൂന്ന് വോട്ട് രേഖപ്പെടുത്തേ തിനാൽ ബാലറ്റ് പേപ്പർ ഉപയോഗിച്ചാണ് വോട്ടെടുപ്പ് നടക്ക=ുന്നത്. അടുത്ത തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ ത്രിതലപഞ്ചായത്തിലും വോട്ടിംഗ് യന്ത്രം ഉപയോഗിക്കാനാണ് കമ്മീഷൻ ആലോചിക്കുന്നത്. ഇതിനുതകുന്ന മൾട്ടി പോസ്റ്റ് വോട്ടിംഗ് യന്ത്രം ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ വികസിപ്പിച്ചിട്ടു ്. സർക്കാരിന്റെ സഹായത്തോടെ ഇത്തരം വോട്ടിംഗ് യന്ത്രങ്ങൾ ലഭ്യമാക്കാനാണ് കമ്മീഷൻ ശ്രമിക്കുന്നത്.

ഉപതിരഞ്ഞെടുപ്പ് ഒരു വാർഡിലേയ്ക്ക് മാത്രമായതിനാൽ നിലവിലുള്ള യന്ത്രം പഞ്ചായത്തിലേയ്ക്കും ഉപയോഗിക്കാൻ കഴിയും. കമ്മീഷന്റെ പക്കലുള്ള ആയിരത്തിൽപരം വോട്ടിംഗ് യന്ത്രം ഉപതിരഞ്ഞെടുപ്പിനുപയോഗിക്കും. വൈകുന്നേരം പോളിംഗ് പൂർത്തിയായ ലുടൻ വോട്ടിംഗ് യന്ത്രങ്ങൾ വോട്ടെണ്ണൽ കേന്ദ്രത്തിലെത്തിച്ച് അന്നുതന്നെ ഫലം പ്രഖ്യാപിക്കാ നാണ് ഉദ്ദേശിക്കുന്നത്. ഇതിനായി രാഷ്ട്രീയ കക്ഷികളുടെ യോഗം വിളിക്കുമെന്ന് കമ്മീഷണർ അറിയിച്ചു.

വോട്ടിംഗ് യന്ത്രമുപയോഗിക്കുന്നതിൽ ജില്ലാതല മാസ്റ്റർ ട്രെയിനർമാർക്കും തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ സീനിയർ മാനേജർ സുന്ദരമൂർത്തി പരിശീലനം നൽകി. കമ്മീഷൻ സെക്രട്ടറി ബി.ശ്രീദേവി അദ്ധ്യക്ഷയായിരുന്നു. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ വികസിപ്പിച്ച മൾട്ടി പോസ്റ്റ് വോട്ടിംഗ് യന്ത്രത്തിന്റെ പ്രവർത്തനവും യോഗത്തിൽ വിശദീകരിച്ചു.

(എസ്.ഇ.സി.5/2012)

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**January 9th 2012**

## മട്ടന്നൂർ നഗരസഭ വാർഡ് പുനർവിഭജന നടപടി തുടങ്ങി

മട്ടന്നൂർ നഗരസഭയിലേയ്ക്ക് സെപ്തംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡ് പുനർവിഭജനത്തിനുള്ള പ്രാരംഭ നടപടി തുടങ്ങി.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അദ്ധ്യക്ഷനായ ഡീലിമിറ്റേഷൻ കമ്മീഷനാണ് പുനർവിഭജന ചുമതല. തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ്, സെക്രട്ടറി രാജേഷ് കുമാർ സിംഗ്, ലാൻഡ് റവന്യൂ കമ്മീഷണർ കെ.ബി. വത്സലകുമാരി, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ ജെ. സദാനന്ദനാണ് ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി.

നഗരസഭയിൽ നിലവിലുള്ള 32 വാർഡുകൾ 34 ആയാണ് പുനർവിഭജിക്കുക. പുനർവിഭജന നടപടി ചർച്ചചെയ്യാൻ അംഗീകൃത രാഷ്ട്രീയ പാർട്ടി ജില്ലാതല പ്രതിനിധികളുടെ യോഗം ജനുവരിമാസം 17-ന് കണ്ണൂർ കളക്ടറേറ്റിൽ നടക്കും.

*(എസ്.ഇ.സി.4/2012)*

## മൂന്ന് വാർഡുകളിൽ വോട്ടർപട്ടിക പുതുക്കും

ഉപതിരഞ്ഞെടുപ്പിനായി മൂന്ന് തദ്ദേശഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി.

**ആലപ്പുഴ** ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിലെ ഇടപ്പോൺ കിഴക്ക്, **പാലക്കാട്** ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ തുമ്പിച്ചിറ, **മലപ്പുറം** തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ കോട്ടുവാലക്കാട് വാർഡുകളിലാണ് പട്ടിക പുതുക്കുക.

കരട് പട്ടിക തദ്ദേശസ്ഥാപനത്തിലും ബന്ധപ്പെട്ട വില്ലേജ് - ബ്ലോക്ക് - താലൂക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങളും അവകാശങ്ങളും ജനുവരി 17 വരെ നൽകാം.

*(എസ്.ഇ.സി.3/2012)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

January 4th 2012

## കൂറുമാറ്റം: ഒരംഗത്തിനും മൂന്ന് മുൻ അംഗങ്ങൾക്കും അയോഗ്യത

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് പത്തനംതിട്ട കുളനട ഗ്രാമപഞ്ചായത്തിലെ ഒരംഗത്തേയും മൂന്ന് മുൻ അംഗങ്ങളെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻനായർ അയോഗ്യരാക്കി.

പഞ്ചായത്ത് മുൻ അംഗം ജി. രഘുനാഥ് നൽകിയ ഹർജിയിലാണ് ഇപ്പോഴത്തെ അഞ്ചാം വാർഡംഗം അനിൽകോശി, മുൻ അംഗങ്ങളായ മെഴ്സി രാജു, ഹരികുമാർ, തോമസ് ചെറിയാൻ എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ ഭരണസമിതിയിൽ കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചവരെയാണ് അയോഗ്യരാക്കിയത്. പാർട്ടി നിർദ്ദേശം ലംഘിച്ച് എൽ.ഡി.എഫിന്റെയും ബി.ജെ.പിയുടെയും പിന്തുണയോടെ കോൺഗ്രസ് പ്രതിനിധിയായ പഞ്ചായത്ത് പ്രസിഡന്റിനെതിരെയുള്ള അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് വോട്ടുചെയ്തതിനാണ് നടപടി. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചശേഷം പ്രതിപക്ഷവുമായി ചേർന്ന് സ്വന്തം പാർട്ടിയിലെ പ്രസിഡന്റിനെ അവിശ്വാസപ്രമേയത്തിലൂടെ നീക്കുകയും ബി.ജെ.പി. പിന്തുണയോടെ പ്രസിഡന്റാവുകയും ചെയ്ത നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയാണ് കമ്മീഷൻ ഇവരെ അയോഗ്യരാക്കിയത്. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.2/2012)*

## പഞ്ചായത്ത് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ജനുവരി 9 നും കോട്ടയം ജില്ലയിൽ മുളക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, കണ്ണൂർ ജില്ലയിൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് 11 നും തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി.1/2012)*

| GRAMS: KERELECOM<br>E-Mail: electionker@sify.com | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288, 2337884<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **December 22nd 2011** |

## അഞ്ച് വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് : വിജ്ഞാപനമായി

സംസ്ഥാനത്തെ അഞ്ച് തദ്ദേശ സ്വയംഭരണ വാർഡുകളിൽ ജനുവരി 18 ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

നാല് ഗ്രാമ പഞ്ചായത്ത് വാർഡുകളിലും ഒരു കോർപ്പറേഷൻ വാർഡിലുമാണ് തിരഞ്ഞെടുപ്പ്: **കൊല്ലം**: എഴുകോണിലെ കൊച്ചാഞ്ഞിലിമൂട്, **എറണാകുളം**: എളങ്കുന്നപ്പുഴയിലെ കടപ്പുറം, **മലപ്പുറം**: വെട്ടത്തെ വാക്കാട് ഈസ്റ്റ്, **കോഴിക്കോട്**: കോർപ്പറേഷനിലെ എലത്തൂർ, **കണ്ണൂർ**: ചെറുപുഴയിലെ ചെറുപുഴ എന്നിവയാണ് വാർഡുകൾ.

നാമനിർദ്ദേശപത്രിക ഡിസംബർ 29 വരെ നൽകാം. സൂക്ഷ്മപരിശോധന 30-ന്. ജനുവരി രണ്ടുവരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ ജനുവരി 19-ന് നടക്കും. സ്ഥാനാർത്ഥികൾ ഫെബ്രുവരി 17-നകം ചെലവ് കണക്ക് നൽകണം.

*(എസ്.ഇ.സി.71/2011)*

## വോട്ടർപട്ടിക പുതുക്കും

ഉപതിരഞ്ഞെടുപ്പിനായി ഇടുക്കി കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ പെരുമല വാർഡിൽ വോട്ടർപട്ടിക പുതുക്കും.

കരട് പട്ടിക പഞ്ചായത്താഫീസിലും ബന്ധപ്പെട്ട വില്ലേജ്, ബ്ലോക്ക്, താലൂക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. ജനുവരി 2-വരെ ആക്ഷേപങ്ങളും അവകാശങ്ങളും നൽകാം.

*(എസ്.ഇ.സി.70/2011)*

## പഞ്ചായത്ത് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

പത്തനംതിട്ട ചെറുകോൽ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഡിസംബർ 27-നും കോട്ടയം കങ്ങഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഡിസംബർ 29-നും തിരഞ്ഞെടുപ്പ് നടക്കും. .

*(എസ്.ഇ.സി.69/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

December 14th 2011

## ഉപതിരഞ്ഞെടുപ്പ് : യു.ഡി.എഫിന് ജയം

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന ആറ് ഗ്രാമപഞ്ചായത്ത് വാർഡുകളും യു.ഡി.എഫ് നിലനിർത്തി.

**ജയിച്ചവരും ഭൂരിപക്ഷവും:** **ഇടുക്കി** : ബൈസൺവാലിയിലെ ഉപ്പാർ - രതീഷ് മുത്തയ്യ (ഐ.എൻ.സി) - 65, **എറണാകുളം**: പുത്തൻവേലിക്കരയിലെ വട്ടേക്കാട്ട്കുന്ന് - റീന ഫ്രാൻസിസ് (ഐ.എൻ.സി) - 59, **പാലക്കാട്**: അഗളിയിലെ കോട്ടത്തറ - ആർ.പരമശിവൻ (ഐ.എൻ.സി) - 118, **വയനാട്** : മുള്ളൻകൊല്ലിയിലെ പാറക്കവല - വർഗീസ് മാപ്പനാത്ത് (ഐ.എൻ.സി) - 168, **കണ്ണൂർ**: കുറുമാത്തൂരിലെ പന്നിയൂർ - പി. ബീപാത്തു (മുസ്ലീം ലീഗ്) - 469, **കാസറഗോഡ്**: കുമ്പഡാജെയിലെ ബെളിഞ്ചെ - സുന്ദര ആർട്ടിസ്റ്റ് (മുസ്ലിം ലീഗ്) - 249.

*(എസ്.ഇ.സി.68/2011)*

## ബ്ലോക്ക് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഡിസംബർ 22 ന് തിരഞ്ഞെടുപ്പ് നടക്കും. പാലക്കാട് ജില്ലാ ലേബർ ആഫീസറാണ് വരണാധികാരി.

*(എസ്.ഇ.സി.67/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

December 13th 2011

## സ്വത്തുവിവരം സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സ്വത്ത് വിവരം സമർപ്പിക്കുന്നതിനുള്ള കാലാവധി 2010 നവംബർ ഒന്നുമുതൽ പതിനഞ്ച് മാസത്തേയ്ക്ക് ദീർഘിപ്പിച്ച് സംസ്ഥാന സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചു.

ഓർഡിനൻസ് പ്രകാരം പഞ്ചായത്ത് രാജ് നിയമത്തിലെ 159-ാം വകുപ്പും മുനിസിപ്പാലിറ്റി നിയമത്തിലെ 143 (എ) വകുപ്പുമാണ് ഭേദഗതി ചെയ്തത്.

ഗ്രാമപഞ്ചായത്തംഗങ്ങൾ അതത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും ബ്ലോക്ക് അംഗങ്ങൾ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും ജില്ലാ പഞ്ചായത്തംഗങ്ങൾ പഞ്ചായത്ത് ഡയറക്ടർക്കും മുനിസിപ്പാലിറ്റി - കോർപ്പറേഷൻ അംഗങ്ങൾ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്കുമാണ് സ്വത്ത് വിവര സ്റ്റേറ്റ്മെന്റ് നൽകേണ്ടത്. കാലാവധി നീട്ടിയ സാഹചര്യത്തിൽ സ്വത്ത് വിവരം സമർപ്പിക്കാത്തതു സംബന്ധിച്ച പരാതികൾ ഇപ്പോൾ പരിഗണിക്കില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി.66/2011)*

## വോട്ടർപട്ടിക പുതുക്കും

ഉപതിരഞ്ഞെടുപ്പിനായി പാലക്കാട് ജില്ലയിൽ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ പെരിമ്പടാരി, നെല്ലിയാമ്പതിയിലെ മീരാഫ്ളോറസ് വാർഡുകളിൽ വോട്ടർപട്ടിക പുതുക്കും.

കരട് പട്ടിക പഞ്ചായത്താഫീസിലും ബന്ധപ്പെട്ട വില്ലേജ്, താലൂക്ക്, ബ്ലോക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. അലനല്ലൂരിൽ ഡിസംബർ 15 വരെയും മീരാഫ്ളോറസിൽ 16 വരെയും ആക്ഷേപങ്ങളും അവകാശങ്ങളും നൽകാം.

*(എസ്.ഇ.സി.65/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

NDecember 18th 20111

## പഞ്ചായത്തംഗത്വം പുന:സ്ഥാപിച്ചു

സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാത്തതിന് അംഗത്വം നഷ്ടമായ, ആതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയിലെ രണ്ടുപേരുടെ അംഗത്വം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ പുന:സ്ഥാപിച്ചു.

പഞ്ചായത്തംഗങ്ങളായ എം.വി. രാജീവൻ, സന്ധ്യ ഉണ്ണികൃഷ്ണൻ എന്നിവർ നൽകിയ അപ്പീൽ ഹർജിയിലാണ് കമ്മീഷന്റെ തീരുമാനം.

വികസന - ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഈവർഷം ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടന്ന യോഗങ്ങളിൽ ഹാജരായില്ലെന്ന് കാണിച്ച് പഞ്ചായത്ത് സെക്രട്ടറിയാണ് പഞ്ചായത്ത് രാജ് നിയമത്തിലെ 35 (കെ) പ്രകാരം ഇവരെ അയോഗ്യരാക്കി കത്ത് നൽകിയത്. ഇതിനെതിരെ നൽകിയ അപ്പീൽ പരിഗണിച്ച കമ്മീഷൻ രണ്ടംഗങ്ങൾക്കും യോഗത്തെ സംബന്ധിച്ച അറിയിപ്പ് യഥാവിധിയല്ല നൽകിയതെന്ന് കണ്ടെത്തി. ഇതിനെതുടർന്ന് കമ്മീഷൻ പഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസ് അസാധുവാക്കുകയും, അവരുടെ അംഗത്വം പുന: സ്ഥാപിക്കുകയുമായിരുന്നു.

*(എസ്.ഇ.സി. 64/2011)*

## തദ്ദേശഭരണ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, പാലക്കാട് ചിറ്റൂർ-തത്തമംഗലം നഗരസഭ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനങ്ങളിലേയ്ക്ക് ഇന്നും (ഡിസംബർ-7), ചങ്ങനാശ്ശേരി നഗരസഭ ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് നാളെയും (ഡിസംബർ-8) തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി.63/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

November 16th 2011

## ആറു വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് : വിജ്ഞാപനമായി

സംസ്ഥാനത്തെ ആറ് ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഡിസംബർ 13 ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

**ഇടുക്കി** ഃ ബൈസൺവാലിയിലെ ഉപ്പാർ, **എറണാകുളം**ഃ പുത്തൻവേലിക്കരയിലെ വട്ടേക്കാട്ട്കുന്ന്, **പാലക്കാട്** ഃ അഗളിയിലെ കോട്ടത്തറ, **വയനാട്**ഃ മുള്ളൻകൊല്ലിയിലെ പാറക്കവല, **കണ്ണൂർ**ഃ കുറുമാത്തൂരിലെ പന്നിയൂർ, **കാസറഗോഡ്**ഃ കുമ്പഡാജെയിലെ ബെളിഞ്ചെ എന്നിവയാണ് വാർഡുകൾ.

നാമനിർദ്ദേശപത്രിക നവംബർ 24 വരെ സ്വീകരിക്കും. സൂക്ഷ്മ പരിശോധന 25 ന്. 28 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ ഡിസംബർ 14-ന്. സ്ഥാനാർത്ഥികൾ ജനുവരി 12 നകം ചെലവ് കണക്ക് നൽകണം.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ മാതൃകാ പെരുമാറ്റസംഹിത നിലവിൽ വന്നു. ഈ വാർഡുകളിലെ വോട്ടർമാരെ സ്വാധീനിക്കുന്ന തീരുമാനങ്ങളോ, ആനുകൂല്യ വിതരണമോ തിരഞ്ഞെടുപ്പ് നടപടി പൂർത്തിയാകുന്നതുവരെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കരുതെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.62/2011)*

## പഞ്ചായത്ത് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മലപ്പുറം തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് നവംബർ 22 ന് തിരഞ്ഞെടുപ്പ് നടക്കും.

*(എസ്.ഇ.സി.61/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

November 16th 2011

## ഉപതിരഞ്ഞെടുപ്പ് : ഇരുമുന്നണികൾക്കും മൂന്നുവീതം സീറ്റ്

സംസ്ഥാനത്തെ ആറ് തദ്ദേശഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫും യു.ഡി.എഫും മൂന്ന് വീതം സീറ്റ് നേടി.

**വടക്കൻപറവൂർ** നഗരസഭയിലെ വഴിക്കുളങ്ങര വാർഡിൽനിന്ന് ഐ.എൻ.സി യിലെ സുകുമാരി സാലി 54-ഉം. **കണ്ണൂർ** നഗരസഭയിലെ നീർച്ചാൽ വെസ്റ്റിൽ നിന്ന് മുസ്ലീം ലീഗിലെ എം.എം. അയിശാബി 315 ഉം വോട്ടുകൾക്ക് വിജയിച്ചു.

ഗ്രാമപഞ്ചായത്ത് വാർഡിൽ ജയിച്ചവരും ഭൂരിപക്ഷവും: **തിരുവനന്തപുരം**: പുളിമാത്തിലെ പുല്ലയിൽ - അനിൽകുമാർ (സി.പി.ഐ (എം)) - 24. **കൊല്ലം**: വെട്ടിക്കവലയിലെ ഇരണൂർ - ആർ. രതീഷ് (സി.പി..ഐ (എം)) -102; **കണ്ണൂർ**: ചെറുപുഴയിലെ എയ്യൻകല്ല് - വി. ഭാർഗവി (സി.പി.ഐ.(എം)) - 83; **കാസറഗോഡ്** : കാറഡുക്കയിലെ മിഞ്ചിപദവ് - ജയലക്ഷ്മി (ഐ.എൻ.സി) - 19.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്വതന്ത്രൻ ജയിച്ച വഴിക്കുളങ്ങര, ബി.ജെ.പി. ജയിച്ച മിഞ്ചിപദവ് വാർഡുകൾ യു.ഡി.എഫിനു ലഭിച്ചപ്പോൾ, യു.ഡി.എഫിന് ജയിച്ച പുല്ലയിൽ വാർഡിൽ സി.പി.ഐ.(എം) സ്ഥാനാർത്ഥിയാണ് വിജയിച്ചത്.

*(എസ്.ഇ.സി.60/2011)*

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ പ്യൂൺ ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ കോംപ്ലക്സ്, എൽ.എം.എസ് ജംഗ്ഷൻ, വികാസ് ഭവൻ. പി.ഒ., തിരുവനന്തപുരം, പിൻ- 695 033 എന്ന വിലാസത്തിൽ 2011 ഡിസംബർ 30 നകം അപേക്ഷ ലഭിക്കണം

*(എസ്.ഇ.സി.59/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

**November 15th 2011**

## ആറ് വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ ആറ് തദ്ദേശഭരണ വാർഡുകളിൽ ഇന്ന് (നവംബർ 15) ഉപതിരഞ്ഞെടുപ്പ് നടക്കും.

**തിരുവനന്തപുരം :** പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പുല്ലയിൽ, **കൊല്ലം:** വെട്ടിക്കവലയിലെ ഇരണൂർ, **എറണാകുളം :** നോർത്ത് പറവൂർ നഗരസഭയിലെ വഴിക്കുളങ്ങര, **കണ്ണൂർ :** ചെറുപുഴയിലെ എയ്യൻകല്ല്, കണ്ണൂർ നഗരസഭയിലെ നീർച്ചാൽ വെസ്റ്റ്, **കാസറഗോഡ് :** കാറഡുക്കയിലെ മിഞ്ചിപദവ് എന്നിവയാണ് വാർഡുകൾ. വോട്ടെണ്ണൽ നാളെ (നവംബർ 16) ന് നടക്കും.

*(എസ്.ഇ.സി.58/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

November 9th 2011

## കൂറുമാറ്റം: പഞ്ചായത്ത് പ്രസിഡന്റിനും നാല് അംഗങ്ങൾക്കും അയോഗ്യത

കൂറുമാറ്റനിരോധനനിയമം ലംഘിച്ചതിന് ഇടുക്കി പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും നാല് അംഗങ്ങളെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

പഞ്ചായത്തിലെ മറ്റൊരംഗമായ ടോമി തോമസ് നൽകിയ ഹർജിയിലാണ് പ്രസിഡന്റ് സി.എസ്. യശോധരൻ, അംഗങ്ങളായ സിന്ധു സുരേഷ്, ടോമി ജോസഫ്, ലിസി മാത്യു, സെലിൻ ജോയ് എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പതിനാറംഗഭരണ സമിതിയിൽ കോൺഗ്രസിന് പത്തും കേരള കോൺഗ്രസിന് ഒരു സീറ്റുമാണ് ലഭിച്ചത്. കോൺഗ്രസ് പിന്തുണച്ച ഒരു സ്വതന്ത്രനും ജയിച്ചു. ഇതിനുപുറമേ എൽ.ഡി.എഫിലെ മൂന്നും, ഒരു ബി.ജെ.പി. സ്വതന്ത്രനും തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗം ചേർന്ന് ശ്രീമന്ദിരം ശശികുമാറിനെ പ്രസിഡന്റ് സ്ഥാനാർത്ഥിയാക്കി. ഇതിനോട് വിയോജിച്ച നാല് കോൺഗ്രസ് അംഗങ്ങളുടെയും, കേരള കോൺഗ്രസ്, ബി.ജെ.പി. കക്ഷികളിലെ ഓരോ അംഗത്തിന്റെയും പിന്തുണയോടെ സി.എസ്. യശോധരൻ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കുകയും കോൺഗ്രസിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തുകയും ചെയ്തു. കോൺഗ്രസ് ടിക്കറ്റിൽ ജയിച്ച ശേഷം ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ മറ്റ് കക്ഷികളുടെ പിന്തുണയോടെ മത്സരിച്ച നടപടി കൂറുമാറ്റ നിരോധന നിയമത്തിന്റെ ലംഘനമാണെന്ന് വിലയിരുത്തിയാണ് കമ്മീഷൻ അഞ്ചുപേരേയും അയോഗ്യരാക്കിയത്. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് ഇവരെ ആറുവർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.57/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

October 19th 2011

## ഉപതിരഞ്ഞെടുപ്പ് : എൽ.ഡി.എഫ്- 03, യു.ഡി.എഫ് - 02

സംസ്ഥാനത്തെ അഞ്ച് തദ്ദേശഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് മൂന്നും യു.ഡി.എഫ് രണ്ടും സീറ്റുകളിൽ വിജയിച്ചു.

കരുനാഗപ്പള്ളി നഗരസഭയിലെ മുസ്ലീം എൽ.പി.എസ് വാർഡിൽ ഐ.എൻ.സി.യിലെ മെഹർ ഹമീദ്കുഞ്ഞ് 425 വോട്ടുകൾക്ക് ജയിച്ചു. ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ജയിച്ചവരും ഭൂരി പക്ഷവും.

**കൊല്ലം:** പന്മനയിലെ പറമ്പിമുക്ക് - എ.എം. നൗഫൽ (മുസ്ലീംലീഗ്) - 12, **ആലപ്പുഴ :** പുറക്കാട്ടെ പുത്തൻനട - വി. തങ്കച്ചൻ - എൽ.ഡി.എഫ്(സ്വ) - 08, **തൃശൂർ :** പുതുക്കാട്ടെ ചെങ്ങാലൂർ - സിജോ പുന്നത്ത് - എൽ.ഡി.എഫ്(സ്വ) - 79, **കണ്ണൂർ :** കോട്ടയം പഞ്ചായത്തിലെ കോട്ടയം അങ്ങാടി - വി. മഹിജ (സി.പി.ഐ.(എം)) - 154. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് വിജയിച്ച പുത്തൻന ട, ചെങ്ങാലൂർ വാർഡുകളിൽ ഇത്തവണ എൽ.ഡി.എഫ് ആണ് ജയിച്ചത്.

*(എസ്.ഇ.സി.54/2011)*

## അഞ്ച് വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ അഞ്ച് തദ്ദേശഭരണ വാർഡുകളിൽ നവംബർ 15 ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് ഇന്ന് (ഒക്ടോബർ 20) വിജ്ഞാപനം പുറപ്പെടുവിക്കും.

**തിരുവനന്തപുരം :** പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പുല്ലയിൽ, **കൊല്ലം:** വെട്ടിക്കവല യിലെ ഇരണൂർ, **കണ്ണൂർ :** ചെറുപുഴയിലെ എയ്യൻകല്ല്, കണ്ണൂർ നഗരസഭയിലെ നീർച്ചാൽ വെസ്റ്റ്, **കാസറഗോഡ് :** കാറഡുക്കയിലെ മിഞ്ചിപദവ് എന്നിവയാണ് വാർഡുകൾ.

നാമനിർദ്ദേശപത്രിക ഒക്ടോബർ 27 വരെ സ്വീകരിക്കും. സൂക്ഷ്മപരിശോധന 28 ന്. 31 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ നവംബർ 16 ന്. സ്ഥാനാർത്ഥികൾ ഡിസംബർ 15 നകം ചെലവ് കണക്ക് നൽകണം.

*(എസ്.ഇ.സി.55/2011)*

## ഒരു വാർഡിൽ കൂടി നവംബർ 15 ന് ഉപതിരഞ്ഞെടുപ്പ്

എറണാകുളം ജില്ലയിൽ നോർത്ത് പറവൂർ നഗരസഭയിലെ വഴിക്കുളങ്ങര വാർഡിൽ നവംബർ 15 ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു.

തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് (ഒക്ടോബർ 20)പുറപ്പെടുവിക്കും. നാമനിർദ്ദേശപത്രിക ഒക്ടോബർ 27 വരെ സ്വീകരിക്കും. സൂക്ഷ്മപരിശോധന 28 ന്. 31 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ നവംബർ 16 ന്. സ്ഥാനാർത്ഥികൾ ഡിസംബർ 15 നകം ചെലവ് കണക്ക് നൽകണം.

*(എസ്.ഇ.സി.56/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

October 17th 2011

## അഞ്ച് വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ അഞ്ച് തദ്ദേശഭരണ വാർഡുകളിൽ ഇന്ന് (ഒക്ടോബർ 18) ഉപതിരഞ്ഞെടുപ്പ് നടക്കും.

**കൊല്ലം:** കരുനാഗപ്പള്ളി നഗരസഭയിലെ മുസ്ലീം എൽ.പി.എസ്, പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക്, **ആലപ്പുഴ :** പുറക്കാട്ടെ പുത്തൻനട, **തൃശൂർ :** പുതുക്കാട്ടെ ചെങ്ങാലൂർ, **കണ്ണൂർ :** കോട്ടയം പഞ്ചായത്തിലെ കോട്ടയം അങ്ങാടി എന്നിവയാണ് വാർഡുകൾ. വോട്ടെണ്ണൽ നാളെ (ഒക്ടോബർ 19) ന് നടക്കും.

*(എസ്.ഇ.സി.52/2011)*

## കൂറുമാറ്റം : മുൻപ്രസിഡന്റിനെ അയോഗ്യയാക്കി

കൂറുമാറ്റനിരോധനനിയമം ലംഘിച്ചതിന് ഇടുക്കി ജില്ലയിൽ ഇടവെട്ടി ഗ്രാമ പഞ്ചായത്ത് മുൻപ്രസിഡന്റും ഒന്നാം വാർഡ് അംഗവുമായ പത്മാവതി രഘുനാഥിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. പഞ്ചായത്തിലെ മറ്റൊരംഗമായ എ. കെ. സുഭാഷ്കുമാർ നൽകിയ ഹർജിയിലാണ് ഉത്തരവ്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പതിമൂന്നംഗ പഞ്ചായത്ത് ഭരണ സമിതിയിൽ യു.ഡി.എഫ് ഒൻപതും എൽ.ഡി.എഫ് മൂന്നും സ്വതന്ത്രൻ ഒരു സീറ്റിലുമാണ് വിജയിച്ചത്. യു.ഡി.എഫിൽ കോൺഗ്രസിന് നാലും മുസ്ലീംലീഗിന് മൂന്നും കേരള കോൺഗ്രസ് (എം) ന് രണ്ടും സീറ്റാണ് ലഭിച്ചത്. കോൺഗ്രസ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട പത്മാവതി രഘുനാഥ് എൽ.ഡി.എഫിന്റേയും, കേരള കോൺഗ്രസ് (എം) ന്റേയും സ്വതന്ത്രന്റേയും പിന്തുണയോടെ ഔദ്യോഗിക കോൺഗ്രസ് സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി പ്രസിഡന്റായി. പിന്നീട് അവിശ്വാസ പ്രമേയത്തിലൂടെ സ്ഥാനം നഷ്ടമായെങ്കിലും കോൺഗ്രസ് ടിക്കറ്റിൽ ജയിച്ചശേഷം എതിർപക്ഷത്തിന്റെ പിന്തുണയോടെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിച്ച നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയാണ് കമ്മീഷൻ പത്മാവതിയെ അയോഗ്യയാക്കിയത്. തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.53/2011)*

| GRAMS: KERELECOM<br>E-Mail: electionker@sify.com | പത്രക്കുറിപ്പ് | TELEPHONE: 0471-2338288, 2337884<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | September 14th 2011 |

## ഉപതിരഞ്ഞെടുപ്പ് : എൽ.ഡി.എഫ്- 05, യു.ഡി.എഫ് - 04

സംസ്ഥാനത്തെ ഒൻപത് തദ്ദേശഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് അഞ്ചും യു.ഡി.എഫ് നാലും സീറ്റുകളിൽ വിജയിച്ചു.

എറണാകുളം ജില്ലാപഞ്ചായത്തിലെ നെടുമ്പാശ്ശേരി ഡിവിഷനിൽ നിന്ന് ഐ.എൻ.സി യിലെ എം.ജെ. ജോമി 4231 വോട്ടുകളുടെ ഭൂരിപക്ഷത്തിന് തിരഞ്ഞെടുക്കപ്പെട്ടു. ഡിവിഷനെ പ്രതിനിധീകരിച്ചിരുന്ന അൻവർ സാദത്ത് നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് ഒഴിവുണ്ടായത്.

ആലപ്പുഴ ജില്ലയിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിലെ മിത്രക്കരിയിൽ സി.പി.ഐ. എമ്മിലെ രാജിനി ബിനു 481 വോട്ടുകൾക്ക് വിജയിച്ചു. ഗുരുവായൂർ നഗരസഭയിലെ സബ്സ്റ്റേഷൻ വാർഡിൽ നിന്ന് ബിന്ദു പുരുഷോത്തമൻ 27 ഉം, മട്ടന്നൂർ നഗരസഭയിലെ കരേറ്റയിൽ നിന്ന് വി. ദാമോദരൻ 330 ഉം വോട്ടുകൾക്ക് ജയിച്ചു. ഇരുവരും സി.പി.ഐ. സ്ഥാനാർത്ഥികളാണ്.

ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ജയിച്ചവരും ഭൂരിപക്ഷവും : **തിരുവനന്തപുരം:** വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വെണ്ണിയൂർ - സി. ഗിരിജ (സി.പി.ഐ(എം)) - 320, ചെമ്മരുതിയിലെ ഞെക്കാട് - പി. മണിലാൽ (ഐ.എൻ.സി) - 200, **കൊല്ലം:** ചിതറയിലെ മടത്തറ - മുല്ലശ്ശേരി നജീം (ഐ.എൻ. സി) - 362, **ആലപ്പുഴ :** ചമ്പക്കുളത്തെ നാട്ടായം - അന്നമ്മ ജോസഫ് (ഐ.എൻ.സി) - 40 , രാമങ്കരിയിലെ മാമ്പുഴക്കരി- അമ്പിളി (സി.പി.ഐ.(എം)) - 164.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് ജയിച്ച ചെമ്മരുതി പഞ്ചായത്തിലെ ഞെക്കാട് വാർഡിൽ ഇത്തവണ യു.ഡി.എഫ് ആണ് വിജയിച്ചത്.

*(എസ്.ഇ.സി.51/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

September 12th 2011

## ഒൻപത് വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ ഒൻപത് തദ്ദേശഭരണ വാർഡുകളിൽ ഇന്ന് (സെപ്തംബർ 13) ഉപതിരഞ്ഞെടുപ്പ് നടക്കും.

**തിരുവനന്തപുരം:** വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വെണ്ണിയൂർ, ചെമ്മരുതിയിലെ ഞെക്കാട്, **കൊല്ലം:** ചിതറയിലെ മടത്തറ, **ആലപ്പുഴ:** ചമ്പക്കുളത്തെ നാട്ടായം, വെളിയനാട് ബ്ലോക് പഞ്ചായത്തിലെ മിത്രക്കരി, രാമങ്കരിയിലെ മാമ്പുഴക്കരി, **എറണാകുളം:** ജില്ലാപഞ്ചായത്തിലെ നെടുമ്പാശ്ശേരി, **തൃശൂർ:** ഗുരുവായൂർ നഗരസഭയിലെ സബ്സ്റ്റേഷൻ, **കണ്ണൂർ:** മട്ടന്നൂർ നഗരസഭ യിലെ കരേറ്റ എന്നിവയാണ് വാർഡുകൾ. വോട്ടെണ്ണൽ നാളെ (സെപ്തംബർ 14) നടക്കും.

*(എസ്.ഇ.സി.49/2011)*

## വോട്ടർ പട്ടിക പുതുക്കുന്നു

ഉപതിരഞ്ഞെടുപ്പിനായി പാലക്കാട് ജില്ലയിൽ അഗളി ഗ്രാമപഞ്ചായത്തിലെ കോട്ടത്തറ വാർഡിൽ വോട്ടർ പട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി.

കരട് പട്ടിക ബന്ധപ്പെട്ട പഞ്ചായത്താഫീസിലും വില്ലേജ്, ബ്ലോക്, താലൂക്ക് ആഫീസു കളിലും പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങളും അവകാശങ്ങളും സെപ്റ്റംബർ 27 വരെ നൽകാം.

*(എസ്.ഇ.സി.50/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

September 05th 2011

## അഞ്ച് വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ അഞ്ച് തദ്ദേശഭരണ വാർഡുകളിൽ ഒക്ടോബർ 18-ന് ഉപതിരഞ്ഞെടുപ്പ് നടക്കും.

കൊല്ലം: കരുനാഗപ്പള്ളി നഗരസഭയിലെ മുസ്ലീം എൽ.പി.എസ്., പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക്, ആലപ്പുഴ: പുറക്കാട് പഞ്ചായത്തിലെ പുത്തൻനട, തൃശൂർ: പുതുക്കാട്ടെ ചെങ്ങാലൂർ, കണ്ണൂർ : കോട്ടയം ഗ്രാമപഞ്ചായത്തിലെ കോട്ടയം അങ്ങാടി എന്നിവയാണ് വാർഡുകൾ.

തിരഞ്ഞെടുപ്പ് വിജ്ഞാപനം സെപ്റ്റംബർ 22 ന് പുറപ്പെടുവിക്കും. 29 വരെ നാമനിർദ്ദേശപത്രിക നൽകാം. സൂക്ഷ്മ പരിശോധന 30-ന്. ഒക്ടോബർ മൂന്ന് വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ ഒക്ടോബർ 19 -ന്. സ്ഥാനാർത്ഥികൾ നവംബർ 17 നകം ചെലവ് കണക്ക് നൽകണം.

*(എസ്.ഇ.സി.47/2011)*

## ഉപതിരഞ്ഞെടുപ്പ് : എൽ.ഡി.എഫിനു ജയം

പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്പഞ്ചായത്തിലെ ചുണ്ടമ്പറ്റ വാർഡിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ സി.പി.ഐ.എമ്മിലെ കെ. റഷീദ് 1135 വോട്ടുകൾക്ക് ജയിച്ചു. മുസ്ലീംലീഗിലെ ഹമീദിനെയാണ് പരാജയപ്പെടുത്തിയത്. സി.പി.ഐ.എം. സീറ്റ് നിലനിർത്തുകയായിരുന്നു.

*(എസ്.ഇ.സി.48/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

**August 17th 2011**

## ഒൻപത് വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനമായി

സംസ്ഥാനത്തെ ഒൻപത് തദ്ദേശഭരണ വാർഡുകളിൽ സെപ്തംബർ 13-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

തിരുവനന്തപുരംഃ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വെണ്ണിയൂർ, ചെമ്മരുതിയിലെ ഞെക്കാട്, കൊല്ലംഃ ചിതറയിലെ മടത്തറ, ആലപ്പുഴഃ ചമ്പക്കുളത്തെ നാട്ടായം, വെളിയനാട് ബ്ലോക് പഞ്ചായത്തിലെ മിത്രക്കരി, രാമങ്കരിയിലെ മാമ്പുഴക്കരി, എറണാകുളം ഃ ജില്ലാപഞ്ചായത്തിലെ നെടുമ്പാശ്ശേരി, തൃശൂർ ഃ ഗുരുവായൂർ നഗരസഭയിലെ സബ്സ്റ്റേഷൻ, കണ്ണൂർ ഃ മട്ടന്നൂർ നഗരസഭയിലെ കരേറ്റ എന്നിവയാണ് വാർഡുകൾ.

നാമനിർദ്ദേശപത്രിക ആഗസ്റ്റ് 24 വരെ നൽകാം. സൂക്ഷ്മ പരിശോധന 25-ന്. 27 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ സെപ്തംബർ 14-ന്. സ്ഥാനാർത്ഥികൾ ഒക്ടോബർ 13-നകം ചെലവ് കണക്ക് നൽകണം.

(എസ്.ഇ.സി.45/2011)

## രണ്ട് വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കും

ഉപതിരഞ്ഞെടുപ്പിനായി രണ്ട് ഗ്രാമപഞ്ചായത്ത് വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി.

കൊല്ലം ജില്ലയിൽ വെട്ടിക്കവലയിലെ ഇരണൂർ, കണ്ണൂർ ചെറുപുഴയിലെ എയ്യൻകല്ല് എന്നിവയാണ് വാർഡുകൾ. കരട് പട്ടിക ബന്ധപ്പെട്ട പഞ്ചായത്താഫീസിലും വില്ലേജ്, ബ്ലോക്, താലൂക്ക് ആഫീസുകളിലും പ്രസിദ്ധീകരിച്ചു. ഇരണൂരിൽ ആഗസ്റ്റ് 22 വരെയും എയ്യൻകല്ലിൽ 27 വരെയും ആക്ഷേപങ്ങളും അവകാശങ്ങളും സ്വീകരിക്കും.

*(എസ്.ഇ.സി.46/2011)*

GRAMS:
KERELECOM
E-Mail:
electionker@sify.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288, 2337884
FAX: 0471-2338288
0471-2334130

**August 11th 2011**

## ഗ്രാമസഭ വിളിക്കാത്ത അംഗങ്ങളെ അയോഗ്യരാക്കാൻ ചട്ടഭേദഗതിയ്ക്ക് ശിപാർശ

ഗ്രാമസഭ വിളിക്കുന്നതിൽ വീഴ്ച വരുത്തുന്ന അംഗങ്ങളെ അയോഗ്യരാക്കാൻ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്തു.

പഞ്ചായത്ത് രാജ് നിയമത്തിലെ 35(1-പി) വകുപ്പ് പ്രകാരം ഒരംഗം താൻ കൺവീനറായ ഗ്രാമസഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചു ചേർക്കുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ച വരുത്തിയാൽ ആ അംഗത്തെ അയോഗ്യനാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ട്. പ്രസ്തുത നിയമത്തിലെ മൂന്നാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പ് പ്രകാരം, കൺവീനറായ അംഗം പഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് വേണം ഗ്രാമസഭയുടെ സ്ഥലം, തീയതി, സമയം എന്നിവ നിശ്ചയിക്കേണ്ടത്. എന്നാൽ ഇതു സംബന്ധിച്ച ചട്ടങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൺവീനറായ അംഗവുമായി കൂടിയാലോചിച്ച് തീയതി നിശ്ചയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നിയമത്തിലും ചട്ടത്തിലുമുള്ള വൈരുദ്ധ്യം കാരണം ഗ്രാമസഭ വിളിക്കാത്ത അംഗങ്ങൾക്കെതിരെ തിരഞ്ഞെടുപ്പ് കമ്മീഷൻ എടുക്കുന്ന അയോഗ്യത നടപടികൾക്ക് നിയമപരിരക്ഷ ലഭിക്കുന്നില്ല. ഈ വൈരുദ്ധ്യം നീക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതിയും വ്യക്തമാക്കിയിട്ടുണ്ട്.

ചട്ടത്തിൽ ‘‘ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ബന്ധപ്പെട്ട ഗ്രാമസഭയുടെ കൺവീനറുമായി കൂടിയാലോചിച്ച്’’ എന്നതിനു പകരം ‘‘ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് ’’ എന്ന് ചേർക്കണമെന്നാണ് കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിച്ചത്.

ഗ്രാമസഭ വിളിച്ചുചേർക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ സർക്കാരിന് നൽകിയ കത്തിൽ ആവശ്യപ്പെട്ടു.

*(എസ്.ഇ.സി.44/2011)*

## ഉപതിരഞ്ഞെടുപ്പ് : ഇരുമുന്നണികൾക്കും അഞ്ച് വീതം സീറ്റ്

സംസ്ഥാനത്തെ പത്ത് തദ്ദേശഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫും യു.ഡി.എഫും അഞ്ച് വീതം സീറ്റിൽ വിജയിച്ചു.

എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്പഞ്ചായത്തിലെ നേര്യമംഗലത്ത് ഐ.എൻ.സി.യിലെ വി.കെ. റഷീദ് 631 വോട്ടുകൾക്ക് ജയിച്ചു. ഗ്രാമപഞ്ചായത്ത് വാർഡിൽ ജയിച്ചവരും ഭൂരിപക്ഷവും. **കൊല്ലം** : തേവലക്കര ഗ്രാമപഞ്ചായത്തിലെ അരിനല്ലൂർ - ജയലക്ഷ്മി മോഹനൻ പിള്ള (സി.പി.ഐ.(എം)) - 24, കല്ലുവാതുക്കലിലെ ചിറക്കര - സി. രാമചന്ദ്രൻപിള്ള (സി.പി.ഐ) - 402, **എറണാകുളം** : ചേന്ദമംഗലത്തെ കുഞ്ഞവരാത്തുരുത്ത് - ശ്രീദേവി സുരേഷ് (ഐ.എൻ.സി) - 81, **കോഴിക്കോട്** : വാണിമേലിലെ പുതുക്കുടി - എ.പി. വെള്ളി (സി.പി.ഐ.(എം)) - 384, **വയനാട്** : തവിഞ്ഞാലിലെ കോളങ്ങോട് - ബീന ബാലകൃഷ്ണൻ (ഐ.എൻ.സി) - 298, വാളാട് - ജോസ് പല്ലാട്ടുകുന്നേൽ (ഐ.എൻ.സി) - 58, മീനങ്ങാടിയിലെ പാലക്കാമൂല - കെ.പി. ഷിജു (സി.പി.ഐ.(എം)) - 05, **കണ്ണൂർ** : പിണറായിയിലെ പാനുണ്ട - വി.ആർ. അജിത (എൽ.ഡി.എഫ് (സ്വ)) - 49, **കാസർഗോഡ്** : അജാനൂരിലെ പള്ളോട്ട് - കെ. സുജാത (ഐ.എൻ.സി) - 122.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് വിജയിച്ച ചേന്ദമംഗലത്തെ കുഞ്ഞവരാത്തുരുത്ത്, ബി.ജെ.പി. ജയിച്ച അജാനൂരിലെ പള്ളോട്ട് വാർഡുകൾ യു.ഡി.എഫിനു ലഭിച്ചപ്പോൾ സ്വതന്ത്രൻ ജയിച്ച പിണറായിയിലെ പാനുണ്ടയിൽ എൽ.ഡി.എഫ് വിജയിച്ചു.

*(എസ്.ഇ.സി. 42 /2011)*

## ഒരു വാർഡിൽ ഉപതിരഞ്ഞെടുപ്പ്

പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്പഞ്ചായത്തിലെ ചുണ്ടമ്പറ്റ വാർഡിൽ സെപ്റ്റംബർ മൂന്നിന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി. നാമനിർദ്ദേശപത്രിക ആഗസ്റ്റ് 16 വരെ സ്വീകരിക്കും. 17 ന് സൂക്ഷ്മപരിശോധന, 19 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ സെപ്റ്റംബർ 5 ന് നടക്കും.

*(എസ്.ഇ.സി. 43 /2011)*

| GRAMS:<br>KERELECOM<br>E-Mail:<br>electionker@sify.com | പത്രക്കുറിപ്പ് | TELEPHONE:<br>0471-2338288, 2337884<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | August 09th 2011 |

## കൂറുമാറ്റം : പഞ്ചായത്തംഗത്തിനും നാല് മുൻഅംഗങ്ങൾക്കും അയോഗ്യത

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് ഇടുക്കി ജില്ലയിൽ ദേവികുളം ഗ്രാമ പഞ്ചായത്തിലെ ഒരംഗത്തേയും നാല് മുൻ അംഗങ്ങളേയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

പഞ്ചായത്തിലെ മുന്നംഗം കാമരാജ്പൊന്നുസ്വാമി നൽകിയ ഹർജിയിലാണ് ഇപ്പോൾ അംഗമായ ബാലൻ മക്കാളി, മുൻ അംഗങ്ങളായ രാമസ്വാമി, ഇന്ദിര, ആർ.വി. പളനി, വിമൽ ഇശക്കിമുത്തു എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയിലെ പന്ത്രണ്ടംഗങ്ങളിൽ ഒൻപത് പേർ സി.പി.ഐ.ടിക്കറ്റിൽ ജയിച്ചവരായിരുന്നു. 2009-ൽ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ കാമരാജ് പൊന്നുസ്വാമിയായിരുന്നു സി.പി.ഐ.യുടെ സ്ഥാനാർത്ഥി. എന്നാൽ പാർട്ടിയുടെ മറ്റൊരംഗമായ ബാലൻമക്കാളി പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിക്കുകയും അയോഗ്യരാക്കപ്പെട്ട അംഗങ്ങളുടെ പിന്തുണയോടെ വിജയിക്കുകയും ചെയ്തു. സി.പി.ഐ. ടിക്കറ്റിൽ ജയിച്ചശേഷം ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ വിമതനെ നിർത്തി ജയിപ്പിച്ച നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയാണ് കമ്മീഷണർ അഞ്ചുപേരേയും അയോഗ്യരാക്കിയത്. ഇവരെ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 41 /2011)*

| GRAMS: KERELECOM<br>E-Mail: electionker@sify.com | പത്രക്കുറിപ്പ് | TELEPHONE: 0471-2338288, 2337884<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | August 08th 2011 |

## പത്ത് വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ പത്ത് തദ്ദേശഭരണ വാർഡുകളിൽ ഇന്ന് (ആഗസ്റ്റ് 09) ഉപതിരഞ്ഞെടുപ്പ് നടക്കും.

**കൊല്ലം** : തേവലക്കര ഗ്രാമപഞ്ചായത്തിലെ അരിനല്ലൂർ, കല്ലുവാതുക്കലിലെ ചിറക്കര, **എറണാകുളം** : ചേന്ദമംഗലത്തെ കുഞ്ഞവരാത്തുരുത്ത്, കോതമംഗലം ബ്ലോക്പഞ്ചായത്തിലെ നേര്യമംഗലം, **കോഴിക്കോട്** : വാണിമേലിലെ പുതുക്കുടി, **വയനാട്** : തവിഞ്ഞാലിലെ കോളങ്ങോട്, വാളാട്, മീനങ്ങാടിയിലെ പാലക്കാമൂല, **കണ്ണൂർ** : പിണറായിയിലെ പാനുണ്ട, **കാസർഗോഡ്** : അജാനൂരിലെ പള്ളോട്ട് എന്നിവയാണ് വാർഡുകൾ. വോട്ടെണ്ണൽ നാളെ (ആഗസ്റ്റ് 10) നടക്കും.

*(എസ്.ഇ.സി. 39 /2011)*

## വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

ആലപ്പുഴ ജില്ലയിൽ ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പ് ആഗസ്റ്റ് 11 ന് നടക്കും. രജിസ്ട്രാർ സഹകരണ വകുപ്പ് (ആഡിറ്റ്) മാവേലിക്കരയാണ് വരണാധികാരി.

*(എസ്.ഇ.സി. 40 /2011)*